"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - പുനർഗേഹം പദ്ധതി - ശ്രീമതി ചന്ദ്രിക, പുതുവൽ വീട് എന്ന വ്യക്തിയെ മണ്ണുമ്പുറം ഫ്ലാറ്റിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.128/2026/F&P തീയതി,തിരുവനന്തപുരം, 17-02-2026

---

പരാമർശം:-

1. ശ്രീമതി ചന്ദ്രിക, പുതുവൽ വീട്, തോട്ടപ്പള്ളി-യുടെ 13/10/2025-ലെ അപേക്ഷ.
2. ഫിഷറീസ് ഡയറക്ടറുടെ 21/01/2026-ലെ DFTVM/3659/2025-S1PIU നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പുനർഗേഹം പദ്ധതി പ്രകാരം നിർമ്മാണം പുരോഗമിച്ചു വരുന്ന ആലപ്പുഴ ജില്ലയിലെ മണ്ണുമ്പുറം ഫ്ലാറ്റ് സമുച്ചയത്തിലേക്കുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം ശ്രീമതി ചന്ദ്രിക ബഹു.ഫിഷറീസ് വകുപ്പ് മന്ത്രിക്ക് അപേക്ഷ സമർപ്പിച്ചിരുന്നു.

2) അപേക്ഷക 20 വർഷത്തിലേറെയായി തോട്ടപ്പള്ളി മത്സ്യഗ്രാമത്തിൽ പതിനൊന്നാം വാർഡിൽ കായൽ പുറമ്പോക്കിൽ ഷെഡിലാണ് താമസിക്കുന്നത്. ടിയാളുടെ ഭർത്താവ് വർഷങ്ങൾക്കു മുൻപ് വാഹനാപകടത്തിൽ മരണപ്പെട്ട് പോയതാണ്. കായലിന്റെ കൽക്കെട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് ഇവരോട് ഇവിടെ നിന്നും മാറി താമസിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ചെമ്മീൻ പീലിംഗ് തൊഴിൽ ചെയ്യുന്നുണ്ടെങ്കിലും കെട്ടിടനിർമ്മാണ ക്ഷേമനിധിയിലാണ് അപേക്ഷകയ്ക്ക് അംഗത്വം ഉള്ളതെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാൾ ലൈഫ് മിഷന്റെ ഭൂരഹിത ഭവനരഹിത ലിസ്റ്റിലും പുനർഗേഹം സർവേ ലിസ്റ്റിലും അതിദരിദ്രരുടെ ലിസ്റ്റിലും ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ നിലവിലെ മാർഗരേഖ പ്രകാരം അപേക്ഷകയെ മണ്ണംപുറം ഫ്ലാറ്റിലേക്ക് ഗുണഭോക്താവായി പരിഗണിക്കാൻ കഴിയുകയില്ലെന്നും ഫിഷറീസ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. അപേക്ഷക വിധവയാണ്, രണ്ട് പെണ്മക്കളുണ്ട്, കായൽ പുറമ്പോക്കിൽ താമസിക്കുന്നു എന്നീ വസ്തുതകൾ കണക്കിലെടുത്തും, മാനുഷിക പരിഗണന നൽകിയും, ഒരു പ്രത്യേക കേസായി പരിഗണിച്ചുകൊണ്ടും, ശ്രീമതി ചന്ദ്രിക, പുതുവൽ വീട്, 11-ാം വാർഡ് പുറക്കാട് ഗ്രാമപഞ്ചായത്ത്, തോട്ടപ്പള്ളി എന്ന വ്യക്തിയെ മണ്ണുമ്പുറം ഫ്ലാറ്റിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (സി2/22/2026/മതുവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sabitha Shiju
Date: 17-02-2026 15:37:41